"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ശ്രീമതി. പ്രേമ കെ.എം. മുതൽപേർ ഫയൽ ചെയ്ത OA [EKM] 584/2024 മേലുള്ള 09.04.2024 ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1426/2024/LSGD തീയതി,തിരുവനന്തപുരം, 02-08-2024

---

പരാമർശം:-

1. സ.ഉ(പി) നം. 74/2022/തസ്വഭവ, തീയതി 27.10.2022.
2. സ.ഉ(പി) നം. 75/2022/തസ്വഭവ, തീയതി 27.10.2022.
3. ശ്രീമതി. പ്രേമ കെ.എം, സീനിയർ ക്ലാർക്ക്, മുണ്ടൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് സമർപ്പിച്ചിട്ടുള്ള 12.03.2024ലെ നിവേദനം. (Annexure A4)
4. ശ്രീ. ദീപു ഡി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് - I, പള്ളുരുത്തി ബ്ലോക്ക്, എറണാകുളം സമർപ്പിച്ചിട്ടുള്ള 13.03.2024ലെ നിവേദനം. (Annexure A5)
5. ശ്രീ. വിമൽ വി, സീനിയർ ക്ലാർക്ക്, തിരുവനന്തപുരം കോർപ്പറേഷൻ സമർപ്പിച്ചിട്ടുള്ള 14.03.2024ലെ നിവേദനം. (Annexure A6)
6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA [EKM] 584/2024 കേസിന്മേലുള്ള 09.04.2024 ലെ അന്തിമ ഉത്തരവ്.

LSG GUIDE

**<u>ഉത്തരവ്</u>**

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീമതി. പ്രേമ കെ.എം. മുതൽ പേർ ഫയൽ ചെയ്ത OA [EKM] 584/2024 നമ്പർ കേസിൽ 09.04.2024 ൽ ചുവടെ ചേർക്കും പ്രകാരം അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

*"The Original Application is disposed of with a direction to the 1st respondent to consider and pass orders on Annexure A4 to A6 representations submitted by the applicants, as early as possible, at any rate, within a period of three months from the date of receipt of a copy of this order."*

Annexure A4 മുതൽ Annexure A6 വരെയുള്ള നിവേദനങ്ങളിലെ ആവശ്യങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

1. മുനിസിപ്പൽ സെക്രട്ടറി തസ്തികയുടെ നിയമന രീതികളിലൊന്ന് മുനിസിപ്പൽ കോമൺ സർവ്വീസിൽ മൂന്നു വർഷമോ അതിൽ കൂടുതലുള്ളതും സീനിയർ ക്ലർക്കിന്റെയോ അതിനു

മുകളിലുള്ള തസ്തികയുടെയോ ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനമായിരുന്നു. നേരിട്ടുള്ള നിയമനം, മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം, അർബൻ അഫയേഴ്സ് ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം എന്നിവയുടെ അനുപാതം 4:3:1 എന്നായിരുന്നു. 2022 ലെ സംയോജിത വിശേഷാൽ ചട്ടപ്രകാരം ഗ്രേഡ് 3 മുനിസിപ്പൽ സെക്രട്ടറിയുടെ തത്തുല്യ പദവി സീനിയർ സെക്രട്ടറി ആണ്. പ്രസ്തുത തസ്തിക നികത്തുന്നത് പ്രൊമോഷൻ വഴി മാത്രമാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിശേഷാൽ ചട്ടം 12(2) പ്രകാരം ഏകീകൃത വകുപ്പ് രൂപീകരിക്കുന്നതിനു മുൻപ് ജീവനക്കാർക്ക് സീനിയോറിറ്റിക്കും സ്ഥാനക്കയറ്റത്തിനും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും ഉണ്ടായിരുന്ന അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതാണ്. എന്നാൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് 3 തസ്തിക സീനിയർ സെക്രട്ടറി തസ്തികക്ക് തുല്യമാക്കിയതിനാൽ തസ്തികമാറ്റം വഴി ജീവനക്കാർക്ക് ലഭ്യമായിരുന്ന നിയമന അവകാശം നഷ്ടപ്പെട്ടിരിക്കുകയാണ്.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി തസ്തികയിലേയ്ക്ക് മാത്രമാണ് നേരിട്ടുള്ള നിയമനം ഉള്ളത്. എന്നാൽ പ്രസ്തുത തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നത് സബോർഡിനേറ്റ് സർവ്വീസിലുള്ള അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് മാത്രമാണ്. സംയോജിത തദ്ദേശസ്വയംഭരണ വകുപ്പിലെ സീനിയർ ക്ലർക്ക് തസ്തികയുടെ ശമ്പള സ്കെയിലിലുള്ള ഒരു ജീവനക്കാരനും തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് അർഹതയില്ലാതായിരിക്കുന്നു. ആകയാൽ ബഹു. സർക്കാർ ഈ നിവേദനം സ്വീകരിച്ച് 2022 ലെ തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിൽ, ചട്ടം 3, കാറ്റഗറി 5(b) ആയി ഉൾക്കൊള്ളിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സെക്രട്ടറി തസ്തികയുടെ നിയമനരീതിയിൽ, വകുപ്പിന്റെ സബോർഡിനേറ്റ് സർവ്വീസിലുള്ള ഗ്രൂപ്പ് 1 ജനറൽ വിംഗിൽ ഉൾപ്പെട്ട നിശ്ചിത യോഗ്യതയുള്ള എല്ലാ വിഭാഗം ലോ പെയ്ഡ് ജീവനക്കാർക്കും, 2017 ലെ കേരള അഡ്മിനിസ്റ്റേറ്റീവ് സർവ്വീസ് റൂൾ പ്രകാരം നടത്തിയ നിയമന രീതിക്ക് സമാനമായി, തസ്തികമാറ്റ നിയമന രീതിയിലൂടെ, പ്രസ്തുത വിഭാഗത്തിൽപ്പെടുന്നവർക്ക് ആകെ ഒഴിവിന്റെ 33 ശതമാനം നൽകിക്കൊണ്ട്, പ്രായപരിധി കൂടാതെ നിയമനം ലഭിക്കുന്നതിനുള്ള അനുയോജ്യമായ ഭേദഗതി വരുത്തുക.

നിവേദനത്തിലെ വിഷയങ്ങൾ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിന്റെ ചട്ടം 12(2) പ്രകാരം എല്ലാ ജീവനക്കാർക്കും പൊതു സർവ്വീസ് നിലവിൽ വരുന്നതിന് മുമ്പ് അതത് വകുപ്പിൽ ലഭ്യമായിരുന്ന സീനിയോറിറ്റി, പ്രൊമോഷൻ, ബൈട്രാൻസ്ഫർ നിയമനം എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിൻപ്രകാരം നിലവിലുണ്ടായിരുന്ന മുനിസിപ്പൽ കോമൺ സർവീസിലേയും നഗരകാര്യ വകുപ്പിലെയും ജീവനക്കാർക്ക് 2010-ലെ കേരളാ സ്റ്റേറ്റ് അർബൻ അഫയേഴ്സ് സർവീസ് സ്പെഷ്യൽ റൂൾസ് പ്രകാരം 3 : 1 എന്ന അനുപാതത്തിൽ സെക്രട്ടറി തസ്തികയിലേക്ക് അർഹതപ്പെട്ട റിക്രൂട്ട്മെന്റ് ബൈ-ട്രാൻസ്ഫർ നിയമനം നല്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ നിലവിലുണ്ടായിരുന്ന മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും നഗരകാര്യ വിഭാഗത്തിൽ നിന്നും 3 : 1 എന്ന അനുപാതത്തിൽ Recruitment by Transfer വഴി സെക്രട്ടറി തസ്തികയിൽ നിയമനം നടത്തുന്നതിനായി ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സെക്രട്ടറി തസ്തികയുടെ നിയമനരീതിയിൽ, വകുപ്പിന്റെ സബോർഡിനേറ്റ് സർവ്വീസിലുള്ള ഗ്രൂപ്പ് 1 ജനറൽ വിംഗിൽ ഉൾപ്പെട്ട നിശ്ചിത യോഗ്യതയുള്ള

LSG GUIDE

എല്ലാ വിഭാഗം ലോ പെയ്ഡ് ജീവനക്കാരെയും ഉൾപ്പെടുത്തണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനവും സബോർഡിനേറ്റ് സർവ്വീസിലുള്ള അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നുള്ള ബൈട്രാൻസ്ഫർ നിയമനവുമാണ് (40:60) നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ചട്ടം 12 പ്രകാരം നിലവിലുണ്ടായിരുന്ന വകുപ്പുകളിലെ ജീവനക്കാർക്ക് അതത് വകുപ്പുകളിലെ സ്പെഷ്യൽ റൂൾ പ്രകാരമാണ് സെക്രട്ടറി തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം അനുവദിക്കുന്നത്. വിവിധ തലങ്ങളിൽ നടന്ന ചർച്ചകളുടെയും പരിശോധനകളുടെയും അടിസ്ഥാനത്തിലാണ് തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവ്വീസ് വിശേഷാൽ ചട്ടത്തിൽ സെക്രട്ടറി തസ്തികയിലേക്കുള്ള നിയമനരീതി നിശ്ചയിച്ചിട്ടുള്ളത്. വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തണമെന്ന നിവേദനത്തിലെ രണ്ടാമത്തെ ആവശ്യം പരിഗണിക്കുവാൻ കഴിയുകയില്ല.

മേൽപ്പറഞ്ഞ പ്രകാരം പരാമർശം (3), (4), (5) നിവേദനങ്ങൾ തീർപ്പാക്കിക്കൊണ്ടും അപ്രകാരം ശ്രീമതി. പ്രേമ കെ.എം. മുതൽപേർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA [EKM] 584/2024 നമ്പർ കേസിലെ പരാമർശം (6) പ്രകാരമുള്ള കോടതി വിധി നടപ്പിലാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BALUMAHENDRA B
ഡെപ്യൂട്ടി സെക്രട്ടറി

LSG GUIDE

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.
ശ്രീമതി. പ്രേമ കെ.എം, സീനിയർ ക്ലാർക്ക്, മുണ്ടൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്.
ശ്രീ. ദീപു ഡി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് - I, പള്ളുരുത്തി ബ്ലോക്ക്, എറണാകുളം.
ശ്രീ. വിമൽ വി, സീനിയർ ക്ലാർക്ക്, തിരുവനന്തപുരം കോർപ്പറേഷൻ.
അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

LSG GUIDE